# അധികാര മേഖലകൾ

jthrees@hotmail.com

ആദ്യം സുരക്ഷിതമായ ഒരിടത്ത് ഇരിക്കുക. ഇരുത്തം ഉറപ്പിച്ച്, സാവകാശം കാൽ നീട്ടുക.

പഴമൊഴിയല്ല. മറ്റു ചിലത് സൂചിപ്പിക്കുവാൻ പറഞ്ഞതാണ്.

ദൈവം എല്ലാവർക്കും ചില അധികാരമേഖല നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. ആ മേഖലകളിൽ അവനവൻ തന്നെയാണ് കൈകാര്യാധികാരി.

പറഞ്ഞല്ലോ, ഭദ്രമായി ഇരിക്കണമെന്ന്. തൻെറ അധികാരപരിധിയിൽ ആധിപത്യം ഉറപ്പിക്കുകയാണതു കൊണ്ട് ഉദ്ദേശിക്കുന്നത്. അവിടെ മറ്റുള്ളവരുടെ സ്വതന്ത്രമായ ഇടപെടലുകൾ അനുവദിക്കരുത്. നമ്മെപ്പോലെ മറ്റുള്ളവർക്കുമുണ്ട് അവരുടെതായ അധികാരമേഖലകൾ. അവിടെ നമ്മളും നമ്മുടെ സ്വാതന്ത്ര്യം ഉപയോഗിക്കരുത്. മറ്റുള്ളവരുടെ അവകാശം കൊതിക്കുന്നവന് സ്വന്തം അവകാശവും നഷ്ടപ്പെടും.

ജീവിതം അതിജീവനത്തിൻെറ മേഖലയാണ്. ആധിപത്യത്തിനുള്ള ഓട്ടമാണത്. മനുഷ്യലോകത്തും മറ്റു ജീവിലോകത്തും അതിൻെറ ചിത്രം കാണാം. മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിച്ചും ദുർബലരെ ഒതുക്കിയുമല്ല ആധിപത്യ സ്ഥാപനം. ദുർബലരെ പരിഗണിച്ചു കൊണ്ടണ്.

സ്വന്തം കാര്യം ഭദ്രവും സുരക്ഷിതവും മെച്ചവുമുള്ളതാക്കാനുള്ള ചിന്തയും ശ്രമവും ജഡികമായ ഉത്തേജനം കൂടിയാണ്. പക്ഷേ, തൻെറ ശ്രമം മറ്റുള്ളവരെ ഒരുതരത്തിലും ബാധിക്കാതിരിക്കുമ്പോഴാണ് അത് മാനുഷികമാകുന്നത്. കാരണം, മറ്റുള്ളവരുടെ അധികാരപരിധിയിലുള്ള നമ്മുടെ ശ്രമം അവിഹിതമാണ്. ദൈവം അതിന് "നിലനില്പ്" നിശ്ചയിച്ചിട്ടില്ല.

പരിശ്രമിക്കുന്ന കാര്യത്തിൽ ഒട്ടും ദൗർബല്യം ബാധിക്കരുത്. ദുർബലർ എപ്പോഴും ആഗ്രഹിക്കുകയാണ് ചെയ്യുക. ശക്തിയും ഇഛാശക്തിയുമുള്ളവർക്കാണ് അധ്വാനിക്കാൻ സാധിക്കുക. ഇത് ഒരു പാഠമാണ്. ജീവിതം ശാന്തമായി മുന്നോട്ടു പോകാനുള്ള വഴി. അത് ദൈവികമാണ്. പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം ഒരു തകരാറുണ്ട്. ഏതെങ്കിലും തരത്തിലുള്ള ധാർമിക സംഹിതകളിൽ വിശ്വസിക്കുന്ന നാം ഇത്തരം കാര്യങ്ങളിലൊക്കെ മിക്കപ്പോഴും മാതൃക സ്വീകരിക്കുന്നത് ഒരു മൂല്യവും വകവെക്കാത്ത രാഷ്ട്രീയത്തിൽനിന്നാണ്. അതിനാൽ തന്നെ അവകാശഹനനങ്ങളാൽ ജീവിതം ദുസ്സഹമായി മാറുന്നു. ലോകത്തുടനീളം ഇത് കാണാം. ആ അവസ്ഥ മാറണം. ജീവിതകൃത്യങ്ങളിൽനിന്ന് രാഷ്ട്രീയത്തെ പുറംതള്ളണം. കാരണം, രാഷ്ട്രീയം ജീവിതമൂല്യങ്ങൾക്ക് നിരക്കുന്നതല്ല.

ഓരോ ചുവടുവെപ്പിനും മുമ്പായി കണ്ണും മനസ്സും തുറക്കണം. ഗൃഹപ്രവേശനത്തിനു ശേഷം അയൽവാസികളെയും വിവാഹത്തിനു ശേഷം പെണ്ണിനെയും കണ്ടതു കൊണ്ട് കാര്യമില്ല. ലക്ഷ്യം നല്ലതും നിർണിതവുമായിരിക്കണം. ലക്ഷ്യമറിയാത്തവൻെറ എല്ലാ വഴികളും അധ്വാനവും അവനെ വഴി തെറ്റിക്കും.

ഓരോരുത്തൻെറയും അധികാരപരിധിയിൽ വരുന്ന കാര്യങ്ങളെ നന്നായി ചെയ്യുക. കാരണം, ഭൂമിയിൽ നമുക്കത് പരീക്ഷണമാണ്. മരണശേഷം വിചാരണ ചെയ്യപ്പെടുന്ന കാര്യവുമാണ്. സാമൂഹികജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊന്നും സ്വാർഥവും ആർത്തിയും ഉണ്ടാകരുത്. മാന്യവും ആത്മാർഥവുമായ സമീപനം കൈക്കൊള്ളുക. കണ്ണും മനസ്സും അവനവൻെറ പരിധിയിലും നിയന്ത്രണത്തിലും ഒതുങ്ങണം. അത് മുന്നോട്ട് നീങ്ങുന്നത് തികച്ചും വിഹിതവും നീതിപൂർവകവും മാന്യവുമായിരിക്കണം. വിട്ടുവീഴ്ചയും ക്ഷമയും സഹകരണവും അനിവാര്യമാണ്. ഒരു നിമിഷനേരത്തെ ക്ഷമ വർഷങ്ങളോളം നമുക്ക് സമാധാനം തരും. അത്തരം മനുഷ്യരുടെ അവകാശങ്ങളുടെ നേരെ കൈയേറ്റം നടത്തുവാൻ മറ്റുള്ളവർക്ക് സന്ദർഭം ലഭിക്കുകയില്ല. അതിൽ ചില ഉപകാരങ്ങളുമുണ്ട്:

ഒന്ന്, നമ്മുടെ അധികാരപരിധി സുരക്ഷിതവും പാവനവുമായിരിക്കും

രണ്ട്, ജനത്തിന് നമ്മിൽ വിശ്വാസവും സംതൃപ്തിയുമായിരിക്കും.

മൂന്ന്, സാമൂഹത്തിൽ ശാന്തി നിലനില്ക്കും. ജീവിതം ആരോഗ്യവും ദൈർഘ്യമുള്ളതുമായി മാറും.

ഈ സമീപനരീതികളുടെ അഭാവമാണ് ഇന്ന് വ്യവഹാരമേഖലകൾ ഇത്ര മാത്രം കലുഷിതമാകാൻ കാരണം.